# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** PC PALAM AUPSCHOOL **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

---

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025–26

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ പഠന വിടവ് കണ്ടെത്തി പരിഹരിക്കൽ | പ്രീ–ടെസ്റ്റ്–അവലോകനം–വ്യത്യസ്ത പ്രർത്തനങ്ങളുടെ ആസൂത്രണം പദച്ചാർട്ട്. | ജൂൺ ആദ്യ രണ്ട് വാരം | മലയാളം അധ്യാപകർ | |
| 2 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവാദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അവധിക്കാല വായനാനുഭവം അവധിക്കാലത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ നിർദ്ദേശിച്ചിരുന്നു (അവധിക്കാല അനുഭവങ്ങൾ, കഥ, കവിത, ലേഖനം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. പത്രവാർത്ത അവതരണം, ക്ലാസ് ലൈബ്രറി–ആഴ്ചയിൽ ഒരു പുസ്തകം, ക്വിസ് മത്സരം, റേഡിയോ വാർത്ത, ക്ലാസിൽ ഒരു പത്രം 'മധുരം മലയാളം' | ജൂൺ ജൂലായ് വർഷാ വസാനം വരെ എല്ലാ ആഴ്ചയും | മലയാളം അധ്യാപകർ, വിദ്യാരംഗം കലാസാഹിത്യ വേദി | |
| 3 | സാഹിത്യ കൃതികളോടും, സാഹിത്യകാരോടുമുള്ള അനുകൂലക മനോഭാവം വളർന്ന് വരിക വഴി പഠിതാക്കളുടെ സർഗ ശേഷി വളർത്തൽ | ഫീൽഡ് ട്രിപ്പ് (സാഹിത്യ ലോകംപരിചയപ്പെടാം) അഭിമുഖങ്ങൾ/ സംവാദങ്ങൾ, കഥാപാത്രാവിഷ്ക്കാരം | ജൂലായ് ആഗസ്റ്റ് | | |
| 4 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | കാവ്യകൂട്ടം, ലഘുനാടകങ്ങൾ, ശിൽപശാലകൾ, ചൊൽക്കാഴ്ചകൾ | അക്കാദമിക് വർഷം | | |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | സംഭാഷണങ്ങൾ, ആശയ വ്യക്തത, ഭാവം, ഒഴുക്ക് തുടങ്ങിയവ പരിഗണിച്ച് സാഹിത്യ സൃഷ്ടികൾ വായിച്ചാസ്വദിക്കാൻ കഴിയുക. | കഥയരങ്ങ്<br>കേൾക്കാം ഒരു കഥ–ബന്ന ചേന്ദമംഗല്ലൂരിന്റെ കഥകൾ കേൾക്കാൻ അവസരം | സെപ്റ്റംബർ<br>ഒക്ടോബർ | | |
| 6 | സാഹിത്യ കൃതികളോടും സാഹിത്യകരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ. | സംവാദം/മുഖാമുഖം സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | നവംബർ<br>ഡിസംബർ<br>ജനുവരി | മലയാളം അധ്യാപകർ | പി.ടി.എ |
| 7 | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | വിദഗ്ധരായ നാടക കലാകരാന്മാരേയും മറ്റ് കലാകാരന്മാരേയും പങ്കെടുപ്പിച്ചു കൊണ്ട് ശിൽപശാലകൾ നടത്തുന്നു | ഫിബ്രവരി<br>മാർച്ച് | മലയാളം അധ്യാപകർ | പി.ടി.എ |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ.... ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വവിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| **ഉൾച്ചേർന്ന വിദ്യാഭ്യാസം**<br><br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | വ്യത്യസ്ത തരം പസ്സിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തങ്ങൾ | 1 അധ്യയന വർഷം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ | രക്ഷിതാക്കൾ, അധ്യാപകർ |
| 5,6,7 ക്ളാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസിലാക്കുക | പ്രീ ടെസ്റ്റ് നടത്തുക , അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ മാസം | പാഠ പുസ്തകങ്ങൾ | അധ്യാപകർ |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>ദിനാചരണങ്ങൾ</u>**<br><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു . | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| **<u>ആസ്വാദനം</u>** | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **<u>അറബി ഭാഷാ ലാബ്</u>** | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വിഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്,പൂർവ്വ വിദ്യാർത്ഥികൾ,PTA |
| **<u>അറബിക് ഫെസ്റ്റ്</u>**<br><br>അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വിഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

# പി സി പാലം എ യു പി സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025

### യു പി ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഗുണഭോക്താക്കൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| മുന്നറിവ് പരിശോധന | പ്രീടെസ്റ്റ് | ജൂൺ | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ | |
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ അറിയാൻ | ജൈവവൈവിധ്യ പാർക്ക് നവീകരണം | ജൂൺ-ഓഗസ്റ്റ് | Up വിദ്യാർഥികൾ | PTA,ശാസ്ത്രാധ്യാപകർ, പരിസ്ഥിതി ക്ലബ്, | 5000 |
| കൃഷിയോട് താത്പര്യം വളർത്തിയെടുക്കുന്നതിന് | കടംകഥ മത്സരം | ജൂൺ | 7th വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | |
| ചന്ദ്രനെക്കുറിച്ച് കൂടുതൽ അറിയുന്നതിന് | അമ്പിളിവിസ്മയം | ജൂലൈ | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | |
| ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കുന്നതിന് | ലാബ് നവീകരണം | ജൂലൈ | ശാസ്ത്രക്ലബ് വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | 5000 |
| കൃഷിയെക്കുറിച്ച് കൂടുതൽ | വിത്ത് പ്രദർശനം | ജൂലൈ | 5th, 7th വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ,കാർ | |

| | | | | | |
|---|---|---|---|---|---|
| മനസ്സിലാക്കുന്നതിന് | | | | ഷിക ക്ലബ് | |
| പൂക്കളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് | നാടൻ പൂക്കളുടെ പ്രദർശനം | ആഗസ്റ്റ് | 6th വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രത്തിലെ നൂതനാശയങ്ങൾ പരിചയപ്പെടുന്നതിന് | ബോധവൽക്കരണ ക്ലാസ് രക്ഷിതാക്കൾക്ക് | ആഗസ്റ്റ് | 6th, 7th, വിദ്യാർഥികൾ രക്ഷിതാക്കൾ | ശാസ്ത്രാധ്യാപകർ, | 1000 |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോ ത്സുകത വർദ്ധിപ്പിക്കുന്നതിനും അറിവ് നിർമാണത്തിനും സർഗാത്മകത വളർത്തിയെടുക്കുന്നതിനും | innovation workshop | ആഗസ്റ്റ് | 6th, 7th, വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | |
| ശാസ്ത്രാവബോധം വളർ ത്തിയെടുക്കുന്നതിന് | സ്കൂൾ ശ്സ്ത്രമേള | ആഗസ്റ്റ് | Up വിദ്യാർഥികൾ | PTA,ശാസ്ത്രാധ്യാപകർ | 1000 |
| വിത്ത് / നടീൽ വസ്തുക്കളെ തിരിച്ചറിയൽ | റിസർച്ച് ടൈപ്പ് പ്രോജക്ട് നിരീക്ഷണം | ആഗസ്റ്റ് | 5th, 7th വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | |
| കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടൽ കൃഷി വിളകളിലെ | പച്ചക്കറിത്തോട്ട നിർമ്മാണം ഗ്രോ ബാഗുകളിൽ വളർത്താൻ കഴിയുന്ന കൃഷികളെ തിരഞ്ഞെടുത്തു | സെപ്റ്റംബർ - മാർച്ച് | Up വിദ്യാർഥികൾ | PTA,ശാസ്ത്രാധ്യാപകർ പരിസ്ഥിതി ക്ലബ്, കാർ ഷിക ക്ലബ് | 5000 |

| | | | | | |
|---|---|---|---|---|---|
| പോഷകങ്ങൾ തിരിച്ചറിയൽ ആരോഗ്യ സംരക്ഷണം | കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കുന്നു | | | | |
| നാടൻ പേരും ശാസ്ത്രീയ നാമവും കണ്ടെത്തി വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവം വളർത്തിയെടുക്കലും രേഖപ്പെടുത്തലും | സ്കൂൾ ബയോഡൈവേഴ്സിറ്റി രജിസ്റ്റർ നിർമ്മാണം | ഒക്ടോബർ - നവംബർ | ശാസ്ത്രക്ലബ് വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ,പരിസ്ഥിതി ക്ലബ്, | |
| ബഹിരാകാശ മേഖലയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് | ഡോക്യുമെന്ററി,റോക്കറ്റ് നിർമ്മാണം | ഒക്ടോബർ | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ | |
| നിത്യ ജീവിതത്തിലെ ശാസ്ത്രം മനസ്സിലാക്കുന്നതിനും ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുന്നതിനും | പരീക്ഷണ കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങൾ ചെയ്യുന്നു | നവംമ്പർ | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | 1000 |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ പരിചയപ്പെടുന്നതിന് | Skillora season 4 science residential camp | ജനുവരി | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | 5000 |

| | | | | | |
|---|---|---|---|---|---|
| ദേശീയ ശാസ്ത്രദിനം | ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | |
| ശാസ്ത്ര തത്വങ്ങൾ മനസ്സിലാക്കുന്നതിന് | പഠനോത്സവം | മാർച്ച് | Up വിദ്യാർഥികൾ | ശാസ്ത്രാധ്യാപകർ, | 1000 |

AUPS PC PALAM

# ACADEMIC MASTERPLAN

# HINDI

# 2025-26

# മേഖല : അക്കാദമികം     ഉപമേഖല : ഹിന്ദി ഭാഷ

ക്ലാസ്  തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |

| | | | | | |
|---|---|---|---|---|---|
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ .<br>പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ ര ണ്ടാം വാ രം | 5,6 ,7 | ഹിന്ദി അധ്യാപ കർ, മറ്റു ഭാഷാധ്യാ പകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ് ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതി ദിനം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആ ഴ് ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആ ഴ് ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദി അധ്യാപ കർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാ ചര ണവു മായി ബന്ധ | 5,6 ,7 | ഹിന്ദി അധ്യാപ കർ | |

| | | | | | |
|---|---|---|---|---|---|
| | | പ്പെട്ട് | | | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

**ACADEMIC MASTER PLAN 2025-26**
**ENGLISH**

| | month | Area | Activities | remarks |
|---|---|---|---|---|
| 1 | JUNE | Listening Reading writing | Welcome song self introduction ( oral and written), sharing of holiday experience ,word chain, sentence chain ,word web, hello English activities- pre test- speeches on environmental day and readers day | |
| 2 | JULY | Speaking | Formation of English club-English assembly-Dramatisation of stories-conversations-monthly test | |
| 3 | AUGUST | Vocabulary | Introducing English library- News paper reading book review-reading breaking news- identifying rhyming words-, describing words. Make magazine on festivals ( Onam) | |
| 4 | SEPTEMBER | Addressing slow paced learners | Sharing of Onam holiday experience( Oral &written)parents meet- one to one discussion special coaching classes for slow paced learners with the help of language experts | |
| 5 | OCTOBER | Communication | First mid term examination- house visit-parents meet-first terminal exam- performance validation-conducting debates and seminars -providing language lab experience | |
| 6 | November | Writing Vocabulary | Theatre work shop-choreography publishing magazine in English making sentence cards – spelling contest-word games -ENGLISH CARNIVAL | |
| 7 | December | Writing listening speaking | Choreography performance Christmas celebrations dramatisation of stories- Diary writing | |
| 8 | January | Communication | Sharing of Christmas holiday experience-( oral &written) English assembly- School radio- Book Exhibition-readers theatre-monthly test-learning enhancement programmed for gifted children( USS) in Eglish | |
| 9 | February | Support to gifted | Special coaching for USS aspirants-writing camp for RISING STARS | |
| 10 | March | Final Evalauation | Mid term evaluation -publishing printed magazine English bulletin – Padanothsavam Exhibition - Annual Evaluation | |

| | | | | |
|---|---|---|---|---|
| | | | | |

# വിഷയം ഗണിതം ( U P)

| Sl. No | മേഖല | പ്രവർത്തനം | കാലയളവ് | ക്ലാസ് | സംഘടനാ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പഠനമികവ് കണ്ടെത്തൽ | 1. പ്രീ ടെസ്റ്റ് | 4-Jun | 5,6,7 | അധ്യാപകർ | |
| 2 | സംഖ്യാ ബോധം | 1. ചതുഷ് ക്രിയകൾ ലളിതമായി പഠിക്കാനുള്ള വർക്ക് ഷീറ്റ് നൽകുന്നു.<br><br>2. നമ്പർ കാർഡ് നൽകി കളികളിലൂടെ ചതുഷ് ക്രിയയുടെ പരിശീലനം നൽകുന്നു.<br><br>3. സ്ഥാന വില പോക്കറ്റുകൾ അടങ്ങിയ കാർഡ് നൽകുന്നു.(വലിയ സംഖ്യകൾ വായിക്കുന്നതിനും, സംഖ്യ ബോധം വളർത്തുന്നതിനും )<br><br>* സംഖ്യ ഗീതം അടങ്ങിയ വീഡിയോ ( ഭിന്നശേഷി കുട്ടികൾക്ക് ) | june, July, Augest | 5,6,7 | അധ്യാപകർ | 1000 |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | | | | | അധ്യാപകർ & PTA | |
| 3 | ജാമിതിയ രൂപങ്ങൾ | 1. ICT ഉപയോഗിച്ച് ജാമിതിയ രൂപങ്ങൾ തയ്യാറാക്കുന്ന വീഡിയോ പ്രദർശനം.<br>2. ജാമിതിയ രൂപങ്ങളുടെ നിർമാണം (ആൽബം)<br>3. വിവിധ ജാമിതിയ രൂപങ്ങളുടെ കോണളവുകൾ പരിശോധിക്കാനുള്ള പ്രവർത്തനം.<br>4. ഗണിത ലാബിലേക്കുള്ള സാമഗ്രികളുടെ നിർമാണം.<br>5. വൃത്തങ്ങൾ മട്ടം ഉപയോഗിച്ച് ഭാഗിക്കുന്ന പ്രവർത്തനം.<br>6. വൃത്തങ്ങളും വിവിധ രൂപങ്ങളും കോമ്പസ് പ്രൊട്രാക്ടർ ഇവ ഉപയോഗിച്ച് പരിശീലിക്കുന്ന പ്രവർത്തനം.<br>7. ഗണിത മേള.<br>* ജാമിതിയ രൂപങ്ങളുടെ കാർഡ് കുട്ടികൾക്ക് നൽകുന്നു ( ചേരും പടിചേർക്കുന്ന പ്രവർത്തനം) ഭിന്നശേഷി കുട്ടികൾക്ക്. | Sep<br>Oct | 5,6,7 | ഗണിത അധ്യാപകർ<br>ഗണിത ക്ലബ് | 5000 |
| 4 | ഭിന്ന സംഖ്യ | 1. മൂന്ന് തരാം ഭിന്നങ്ങൾ മനസിലാക്കാനും സമാന ഭിന്നങ്ങൾ കണ്ടെത്താനുമുള്ള പ്രവർത്തനം കാർഡ് ഉപയോഗിച്ച് കളികൾ രൂപത്തിൽ നൽകുന്നു | Nov | 5,6,7 | ഗണിത അധ്യാപകർ | |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| 5 | LCM, HCF | 1. LCM, HCF കണ്ടെത്താനുള്ള വർക്ക് ഷീറ്റ് നൽകുന്നു | Dec | 5,6,7 | അധ്യാപകർ | 1000 |
| 6 | ഗണിത ശാസ്ത്ര ദിനം | 1. ഗണിത ക്വിസ്<br>2. പതിപ്പ് തയ്യാറാക്കൽ ഗണിതശാസ്ത്രജ്ഞരുടെ ജീവചരിത്രം | Dec | 5,6,7 | അധ്യാപകർ | |
| 7 | അളവുകൾ | 1. വിവിധ പ്രായോഗിക പ്രവർത്തനത്തിലൂടെ<br>2. വിവിധ അളവുകൾ പഠിക്കാനുള്ള പ്രവർത്തനം | Jan | 5,6,7 | അധ്യാപകർ | |
| 8 | ദശാംശം, ശരാശരി, പലിശ | 1. രസകരമായ പ്രവർത്തനത്തിലൂടെ ശരാശരി, ദശാംശരൂപങ്ങളും പലിശയും കണ്ടെത്താനുള്ള പ്രവർത്തനം | Feb | 6,7 | അധ്യാപകർ | |

Scanned with OKEN Scanner

# ഉർദു അക്കാദമിക്

# മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

**School:**........................................................................................................................................

**Name of the Urdu Teacher:**..........................................................

KUTA MLAPPURAM SUB DISTRICT COMMITEE

# ആമുഖം

ഇന്ത്യയിൽ ജനിച്ച, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഘഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

........ ...............................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഢേം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചര ണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | **1500** | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർ ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർ ത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | **1000** | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർ ഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺ സിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർ ദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺ സിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺ സിൽ |

# അക്കാദമിക മാസ്റ്റർപ്ലാൻ

വിഷയം- സാമൂഹ്യശാസ്ത്രം ക്ലാസ്- 7

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **മാസം** | **ചുമതല** | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 🌈പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് താജ് മഹൽ,ചെങ്കോട്ട,ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈ആശയങ്ങൾ, സന്ദേശങ്ങൾ, ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം ഒരുക്കുക.<br><br>🌈 സ്കിറ്റ് ഉപയോഗിച്ച് പ്രചാരണം. | **സ്കിറ്റ് തയ്യാറാക്കാം**<br><br>'ബസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും' സ്കിറ്റ് തയ്യാറാക്കി അവതരിപ്പിച്ച് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യൽ | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈സമത്വം സൃഷ്ടിക്കുക.<br>🌈നീതിയും ന്യായവും അംഗീകരിക്കുക.<br>🌈 സാമ്പത്തിക വികസനം സംരക്ഷിക്കുക | **പ്രോജക്ട്**<br><br>ഇന്ത്യയിൽ ഇന്നുവരെ നടത്തിയ ഭരണഘടനാ ഭേദഗതികളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കൽ. | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| . 🌈 നിയമങ്ങൾ മനസ്സിലാക്കാൻ<br>🌈 നിയമങ്ങളുടെ പ്രവർത്തനരീതി പരിശോധിക്കാൻ | **നിയമ ബോധവൽക്കരണ ക്ലാസ്** | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | 1500/- |

| | | | | |
|---|---|---|---|---|
| 🌈 ആരും നിയമത്തിന് അതീതരല്ലെന്ന ബോധം ഉണ്ടാക്കാൻ | നിയമവാഴ്ചയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ നിയമങ്ങളെക്കുറിച്ചും നിയമ വിദഗ്ധരുടെ ക്ലാസ് സംഘടിപ്പിക്കുന്നു | | | |
| 🌈കുട്ടികൾക്കെതിരെയുള്ള അതിക്രമം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമമാണ് പോക്സോ നിയമം | **'പോക്സോ ബോധവൽക്കരണ ക്ലാസ്** കുട്ടികളുടെ സുരക്ഷയും പോക്സോ നിയമവും' എന്ന വിഷയത്തിൽ നിയമവിദഗ്ധരുടെ സഹായത്തോടെയുള്ള ബോധവൽക്കരണ പരിപാടി | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | 1500/- |
| 🌈 സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുക.<br>🌈 അനുഭവങ്ങളുടെ പ്രാധാന്യത്തെ പിന്തുണയ്ക്കുക.<br>🌈ക്ലാസ് ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൂല്യങ്ങൾ ഉൾക്കൊണ്ട് ജീവിക്കാൻ പ്രാപ്തനാക്കുക. | **ക്ലാസ് ഭരണഘടന**<br>ഇന്ത്യൻ ഭരണഘടനയിലെ ആശയങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസ് ഭരണഘടന തയ്യാറാക്കൽ | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈 ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാനുള്ള കഴിവുണ്ടാക്കുക.<br>🌈Safe touch /secret touch തിരിച്ചറിയുക.<br>🌈 പറയേണ്ടിടത്ത് No പറയാൻ പരിശീലിക്കുക. | **ലഘുലേഖ തയ്യാറാക്കാം**<br>കുട്ടികൾക്ക് നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധിക്കാനും അതിൽ നിന്ന് രക്ഷപ്പെടാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ലഘുലേഖ തയ്യാറാക്കൽ | ആഗസ്ത് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 🌈സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ ലോകത്തേക്ക്**<br><br>വെള്ളപ്പൊക്കം,ഭൂമി കുലുക്കം, ഉരുൾപൊട്ടൽ, കടൽക്ഷോഭം മുതലായ പ്രകൃതിദുരന്തങ്ങൾ വഴിയും അപകടങ്ങൾ, വ്യവസായശാലകളിലെ ദുരന്തങ്ങൾ തുടങ്ങിയ മനുഷ്യനിർമ്മിത ദുരന്തങ്ങൾ വഴിയും അരികുവൽക്കരിക്കപ്പെട്ടവരെ സന്ദർശിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യാനും അവസരം ഒരുക്കുന്നു. | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈 ഗോത്രജനതയുടെ സാമൂഹിക ജീവിതം മനസ്സിലാക്കുന്നു | ഊരകം<br><br>ഗോത്രജനതയുടെ വാസസ്ഥലം സന്ദർശിച്ച് അവരുടെ പൂർവികരുടെ ജീവിതം, കല,കൃഷി,ഭക്ഷണം, സമകാലിക ജീവിതം, വാദ്യോപകരണങ്ങൾ തുടങ്ങിയവ മനസ്സിലാക്കുന്നു | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈 ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കാനുള്ള മനോഭാവം | **സ്പെഷ്യൽ സ്കൂളുകൾ സന്ദർശനം**<br><br>ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ സന്ദർശിച്ച് ഭിന്നശേഷിക്കാർ നേരിടുന്ന പ്രതിസന്ധികൾ, പരിഹാരങ്ങൾ | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | എന്നിവ തിരിച്ചറിയുന്നതിന് | | | |
| 🌈ഭൂമിയുടെ ഉള്ളറകളിലെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് | **ശില്പശാല**<br><br>ഭൂമിയുടെ ഘടനയുടെ മാതൃക നിർമിക്കൽ | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **വെർച്വൽ ഫീൽഡ് ട്രിപ്പ്**<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രബോധം വളർത്തുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യത്തെ ഇല്ലാതാക്കുന്നതിന് കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തിരിച്ചറിയുക | **സർവ്വേ നടത്താം**<br><br>പ്രദേശത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കിവരുന്ന ദാരിദ്ര്യ നിർമാർജന പദ്ധതികളിൽ ഉൾപ്പെട്ടവരുടെ സർവ്വേ നടത്തുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 🌈വിഷയത്തിന്റെ വിശദീകരണം.<br>🌈 പഠനത്തിന്റെ വിവരങ്ങൾ നൽകുക.<br>🌈 ആശയങ്ങൾ പ്രത്യക്ഷപ്പെടുത്തുക.<br>🌈 പ്രകടനങ്ങൾ സൃഷ്ടിക്കുക | **സെമിനാർ**<br><br>ദാരിദ്ര്യ നിർമാർജന പദ്ധതികളും ദാരിദ്ര്യ ലഘൂകരണവും എന്ന വിഷയത്തിൽ ഒരു സെമിനാർ റിപ്പോർട്ട് തയ്യാറാക്കുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| 🌈 ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ എത്രത്തോളം സഹായകരമാണെന്ന് മനസ്സിലാക്കുന്നതിന് | **അഭിമുഖം**<br><br>കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം നടത്തുന്നു | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |